## ചട്ടം 64 അനുസരിച്ചുള്ള പ്രസ്താവന

ശ്രീ. ഇ.പി. ജയരാജൻ : സർ, ഞാൻ അതാണ് ഇങ്ങനെ ശങ്കിച്ചു നിൽക്കുന്നത്. ചോദ്യോത്തരം കഴിഞ്ഞാൽ ചട്ടം 64 അനുസരിച്ച് ഞാൻ രാജിവയ്ക്കാൻ ഇടയായിട്ടുള്ള സാഹചര്യങ്ങളെക്കുറിച്ച് സഭയിൽ പറയാൻ ഞാൻ നേരത്തെ ആവശ്യപ്പെട്ടതാണ്. അത് കാണാതിരുന്നപ്പോൾ ചട്ടലംഘനക്കാർ ആരെങ്കിലും ഇടപെട്ടോയെന്ന് എനിക്ക് ഒരു സംശയം തോന്നി.

ഞാൻ വ്യവസായ വകുപ്പിന്റെ ചുമതല ഏറ്റെടുത്തപ്പോൾ കേരളത്തിന്റെ വ്യവസായരംഗം ആകെ തകർന്നുകിടക്കുകയായിരുന്നു. ഈ വ്യവസായ മേഖല വലിയ തകർച്ചയിലായിരുന്നു. കെടുകാര്യസ്ഥതയും അഴിമതിയും മർമ്മസ്ഥാനത്തിരിക്കുന്നവരുടെ ധൂർത്തുമാണ് ഈ സ്ഥാപനത്തിൽ നിറഞ്ഞുനിൽക്കുന്നത്. അതുകൊണ്ട് ഈ വ്യവസായത്തെക്കുറിച്ച് പഠിക്കുവാനാണ് ഞാൻ ആദ്യം ശ്രമിച്ചത്. അതിൽനിന്നും നമ്മുടെ പ്രധാനപ്പെട്ട പൊതുമേഖലാ വ്യവസായങ്ങൾ കുത്തഴിഞ്ഞുകിടക്കുകയും തകർച്ചയിലേക്ക് തലകുത്തി കിടക്കുന്നു എന്നുമാണ് മനസ്സിലാക്കാൻ സാധിച്ചത്. ആ വ്യവസായങ്ങളെ പുനരുദ്ധരിക്കാനുള്ള ഫലപ്രദമായ നടപടികളാണ് ആദ്യം ചെയ്തത്. വ്യവസായ മേഖലയെ കയ്യടക്കി

ഇതുവരെ ഭരണം നടത്തിയിരുന്നവർക്ക് ആ നടപടികൾ നടത്താൻ കഴിയാത്ത സാഹചര്യമുണ്ടായി. അങ്ങോട്ട് ഒരു എൻട്രി ഇല്ലാതായി. പാലക്കാടുള്ള മലബാർ സിമന്റ്സ് പൂട്ടിക്കിടക്കുകയാണ്. ഈ സ്ഥാപനം പൂട്ടേണ്ട ഒരു സാഹചര്യവും ഇല്ലായിരുന്നു. ആ സിമന്റ് വ്യവസായം പൂട്ടിക്കുകയാണ് ചെയ്തത്. മലബാർ സിമന്റ്സിനെ തകർക്കുക എന്ന പ്രക്രിയയാണ് കുറെക്കാലമായി നിലനിന്നിരുന്നത്. പ്രതിരോധിക്കാൻ ആരുമുണ്ടായിരുന്നില്ല. മലബാർ സിമന്റ്സിന്റെ ഉല്പാദനം എത്രയോ വർദ്ധിപ്പിക്കാൻ കഴിയുമായിരുന്നു. കേരളത്തിന് ആവശ്യമായുള്ള 10 ശതമാനം സിമന്റ് മാത്രമേ അവിടെ ഉൽപ്പാദിപ്പിക്കുന്നുള്ളൂ. അവിടെ സിമന്റ്സിന്റെ ഉല്പാദനം ഇരട്ടിയാക്കാനും കേരളത്തിന്റെ മാർക്കറ്റിലേക്ക് കേരളത്തിന്റെ സിമന്റ് കൊണ്ടുവന്ന് അതിന്റെ സാധ്യത വിപുലീകരിക്കാനും ഇന്ന് നേരിടുന്ന പ്രതിസന്ധിയെ നേരിടുന്നതിനുമുള്ള മാർഗ്ഗങ്ങൾ സ്വീകരിച്ചു. തമിഴ്നാടിൽ അമ്മ സിമന്റുണ്ട്. സാധാരണക്കാർക്ക് 200 രൂപയിൽ കുറഞ്ഞ വിലയ്ക്ക് കിട്ടുന്ന സിമന്റാണ്. അതുപോലുള്ള പുതിയ സംരംഭങ്ങളിലേക്ക് ഏർപ്പെടാനാണ് ഞാൻ പുറപ്പെട്ടത്. സിമന്റ് ലോബി വളരെ ശക്തരാണ്. അതിനെ തകർക്കാനുള്ള നീക്കത്തിന്റെ ഫലമായാണ് ഈ കമ്പനി പൂട്ടിച്ചത്. അപ്പുറം ഇരിക്കുന്നവർ ഈ കാര്യങ്ങൾ വിശദമായി പരിശോധിച്ചാൽ മനസ്സിലാകും. എനിക്ക് തോന്നുന്നത് മുൻ

വ്യവസായ വകുപ്പുമന്ത്രിക്ക് ഈ കാര്യം അറിയാവുന്നതാണെന്നാണ്. ഇതിനെ ശക്തമായി പ്രതിരോധിച്ചുകൊണ്ടുള്ള നിലപാടാണ് സ്വീകരിച്ചത്. എന്നെ സ്വാധീനിക്കാൻ ആർക്കും സാധിക്കില്ല. പല ശ്രമങ്ങളും പലരും നടത്തിയിട്ടുണ്ടായിരിക്കും. ഒന്ന് അത്. രണ്ടാമത്തേത് കേരളത്തിലെ പ്രധാനപ്പെട്ട ഒരു പൊതുമേഖലാ സ്ഥാപനമാണ് ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് (റ്റി.സി.സി.). വൻ ലാഭമുണ്ടാക്കാൻ സാധിക്കുന്ന ഒരു സ്ഥാപനമാണ് ഇത്. ഈ സ്ഥാപനവും നഷ്ടത്തിലാണ്. ഇവിടെ ഉപയോഗിക്കുന്ന റാമെറ്റീരിയൽസുകൾ ഉപ്പും ഇലക്ട്രിസിറ്റിയുമാണ്. ഇവിടെ ഉല്പാദിപ്പിക്കുന്ന ഹൈഡ്രോക്ലോറിക് ആസിഡ്, കാസ്റ്റിക് സോഡാ മുതലായവയ്ക്ക് നല്ല മാർക്കറ്റാണുള്ളത്. ഇറക്കുമതി ചെയ്യുന്ന ഗുണനിലവാരം കുറഞ്ഞിട്ടുള്ള ഉപ്പ് 10 ടൺ വന്നാൽ 12 ടണ്ണിന്റെ ബിൽ കൊടുത്ത് കാശ് കൊടുക്കത്തക്ക നിലയിലുള്ള സംവിധാനമാണുള്ളത്. എനിക്ക് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുള്ള ഒരു കാര്യം റേറ്റ് നിശ്ചയിച്ച് ഒരു ലോഡ് ഹൈഡ്രോക്ലോറിക് ആസിഡ് അവിടെനിന്ന് പുറത്തുപോകുമ്പോൾ 75 ലക്ഷം ഉറുപ്പികയാണ് കൈക്കൂലി വാങ്ങുന്നത്. ഈ രീതി ഇവിടെ കൊടികുത്തി വാഴുകയാണ്. ഇപ്പോൾത്തന്നെ അതിനെ തകർക്കാനുള്ള ഒരു നീക്കം നടന്നു. അധികം സമയമില്ലാത്തതുകൊണ്ട് എല്ലാ വിശദാംശങ്ങളിലേക്കും പോകുന്നില്ല.

എന്നെ വേട്ടയാടിക്കൊണ്ടിരിക്കുകയാണ് 12 ദിവസങ്ങളായി ഇവിടെയുള്ള മാധ്യമങ്ങൾ. ഞാൻ അതിനെക്കുറിച്ചല്ല ഇവിടെ പറയാൻ പോകുന്നത്. കെ.എം.എം.എൽ. ഏറ്റവും ലാഭകരമായി പ്രവർത്തിക്കാൻ കഴിയുന്ന സ്ഥാപനമാണ്. എന്തൊക്കെ പ്രതിസന്ധിയാണ് അവിടെ ഉണ്ടാക്കിയത്? അതിന് തൊട്ടടുത്ത കിടക്കുന്ന 150 ഏക്കർ ഭൂമിയിൽ ജനങ്ങൾക്ക് താമസിക്കാൻ സാധിക്കുകയില്ല. കരിമണൽ പ്രകൃതി നമുക്ക് തരുന്നന്ന സമ്പത്താണ്. അവയെല്ലാം കൊള്ളയടിച്ച് കൊണ്ടുപോകുകയാണ്. അത് ഇവിടെതന്നെ സംസ്കരിക്കാൻ ഇന്ന് കെ.എം.എം.എൽ. പ്രവർത്തിക്കുന്നതുപോലെ ഒരു അഡീഷണൽ യൂണിറ്റ് പ്രവർത്തിപ്പിച്ച് നമ്മുടെ കരിമണലിന്റെ സ്വത്ത് കേരളത്തിന്റെതാക്കി തീർക്കാൻ ശ്രമിച്ചു. മാലിന്യം നിറഞ്ഞുക്കിടക്കുന്ന 150 ഏക്കർ സ്ഥലം ഏറ്റെടുത്ത് ഒരു പുതിയ യൂണിറ്റ് ആരംഭിക്കാനുള്ള സംവിധാനം സ്വീകരിച്ചു. നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭകരമാക്കാനുള്ള നല്ല ശ്രമങ്ങളാണ് ഞങ്ങൾ നടത്തിയത്. വ്യവസായ വകുപ്പിനുകീഴിലുള്ള സ്ഥാപനങ്ങളെയാണ് ഞാൻ കൈകാര്യം ചെയ്തിരുന്നത്. കയർ വകുപ്പ് ഒന്നും എന്റെ കീഴിൽ വരുന്നതല്ല. വ്യവസായ വകുപ്പിനുകീഴിൽ ആകെ 41 പൊതുമേഖലാസ്ഥാപനങ്ങളാണുള്ളത്. അതിൽ 1739 കോടി രൂപയുടെ സഞ്ചിത നഷ്ടമാണ് ഉണ്ടായിട്ടുള്ളത്. ആകെ 10

സ്ഥാപനങ്ങളാണ് ഇതിൽനിന്നെല്ലാം ലാഭത്തിൽ പ്രവർത്തിച്ചിരുന്നത്. ഇപ്പോൾ അതും നഷ്ടത്തിലേക്കാണ് പൊയ്ക്കൊണ്ടിരിക്കുന്നത്.

കുണ്ടറയിലുള്ള അലിൻഡ് എന്ന പൊതുമേഖലാ സ്ഥാപനം ഏറ്റവും പ്രധാനപ്പെട്ടതാണ്. കേരളത്തിൽ മാത്രമല്ല തമിഴ്നാട്, ആന്ധ്രാപ്രദേശ്, ഒറീസ തുടങ്ങിയ സംസ്ഥാനങ്ങളിൽ വ്യാപിച്ചുകിടക്കുകയും കോടിക്കണക്കിന് രൂപയുടെ ആസ്തിയുമാണ് ആ സ്ഥാപനത്തിനുള്ളത്. അതിനെ നഷ്ടത്തിലാക്കി, കൈയടക്കാൻ മാർവാടി സെറ്റിനുവേണ്ടിയുള്ള നല്ല ശ്രമം നടത്തി എ.ഐ.എഫ്.ആർ.ൽ കേസ് കൊടുത്തതിന്റെ അടിസ്ഥാനത്തിൽ ആ സ്ഥാപനത്തെ ലിക്വിഡേറ്റ് ചെയ്ത് തകർക്കാൻ നീക്കം തുടങ്ങിയിട്ട് കാലം എത്രയായി; നിങ്ങൾ അതിൽ എന്തെങ്കിലും നടപടി സ്വീകരിച്ചോ? അത് സംബന്ധിച്ച് അവസാനം എ.ഐ.എഫ്.ആർ. ചെയ്തിരിക്കുന്നത് സോമാനി ഗ്രൂപ്പിന് അത് നടത്തുന്നതിനുവേണ്ടി കൈകാര്യം ചെയ്യാൻ അധികാരപ്പെടുത്തി. ആ സ്ഥാപനത്തെ തട്ടിയെടുക്കാനുള്ള ശ്രമമുണ്ടായപ്പോൾ, ഞാൻ വ്യവസായ വകുപ്പുമന്ത്രിയായിരുന്നപ്പോൾ എന്റെ ശ്രദ്ധയിൽപ്പെടുകയുണ്ടായി. 2014-ൽ എ.ഐ.എഫ്.ആർ.ൽ വിധി ഉണ്ടായപ്പോൾ അതിനെതിരെ അപ്പീൽ കൊടുക്കണമെന്ന് പറഞ്ഞുകൊണ്ട് വ്യവസായ വകുപ്പുസെക്രട്ടറി ആവശ്യമായ എല്ലാ കാര്യങ്ങളും ചെയ്യുകയും റെസിഡന്റ്

കമ്മീഷണർക്ക് നിർദ്ദേശം നൽകുകയും ചെയ്തു. ഒരു നടപടിയും സ്വീകരിച്ചില്ല. ആറുമാസം കഴിഞ്ഞപ്പോൾ വ്യവസായ വകുപ്പുസെക്രട്ടറി വീണ്ടും കത്തെഴുതി; ഒരു നടപടിയും സ്വീകരിച്ചില്ല. എന്തുകൊണ്ടാണ്; അവർ ആ സ്ഥാപനത്തെ കയ്യടക്കുകയായിരുന്നു. ഞാൻ വ്യവസായ വകുപ്പുമന്ത്രിയായതിനുശേഷം ഇതിൽ ഇടപെട്ടുവെന്ന് മാത്രമല്ല അതിൽ കക്ഷിചേരുകയും ആ സ്ഥാപനത്തെ തിരിച്ചുപിടിക്കാനുള്ള ശ്രമവും നടത്തി. കുണ്ടറയാണ് അതിന്റെ രജിസ്റ്റേർഡ് സ്ഥാപനം. അത് കേരളത്തിന്റെ മൂലധനമാണ്. അത് തിരിച്ചുപിടിക്കാനുള്ള ഓർഡിനൻസ് തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. ഇത്തരത്തിലുള്ള ഒട്ടനവധി സംഭവങ്ങൾക്കെതിരെ ഈ സർക്കാർ ശക്തമായ നിലപാട് സ്വീകരിച്ചു.

കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഒരു രംഗമാണ് കൈത്തറി. സർക്കാർ അതിന് റിബേറ്റും നൽകുന്നുണ്ട്. കൈത്തറി ഉൽപ്പന്നങ്ങളാണോ കേരളത്തിൽ വിൽക്കുന്നത്? തമിഴ്നാട്ടിൽനിന്നും പവർ ലൂമിൽ സാധനങ്ങൾ ഉണ്ടാക്കി കേരളത്തിൽ കൊണ്ടുവന്ന് റിബേറ്റ് എഴുതിവാങ്ങുകയാണ് ചെയ്യുന്നത്. എത്രവലിയ തട്ടിപ്പാണ് ഇവിടെ നടക്കുന്നത്; ഇതൊന്നും ഇന്നലെ തുടങ്ങിയല്ല.

കേരളത്തിലെ മറ്റൊരു പ്രധാനപ്പെട്ട രംഗമാണ് ഖാദി. ഖാദി ഉൽപ്പന്നങ്ങളാണോ കേരളത്തിൽ വിൽക്കുന്നത്? തമിഴ്നാട്ടിൽനിന്ന് ഖാദി പവർ

ലൂമിലുണ്ടാക്കി കേരളത്തിൽ കൊണ്ടുവരുന്നതിന് ഒരു ഏജൻസിയെ ഉപയോഗിച്ച് വർക്ക് ചെയ്യിക്കുകയും അതിനുമുഴുവനും ഇവിടെ റിബേറ്റ് എഴുതി വാങ്ങിക്കുകയുമാണ് ചെയ്യുന്നത്. എത്രമാത്രം കെടുകാര്യസ്ഥതയാണ് ഇവിടെ നടക്കുന്നത്? ഇതിനെതിരായി ശക്തമായ നിലപാട് സ്വീകരിക്കാൻ തുടങ്ങിയപ്പോൾ കുറേ ശത്രുക്കൾ ഉണ്ടായി.

കേരളത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട സ്ഥാപനമാണ് കിൻഫ്ര. കിൻഫ്രയുടെ എം.ഡി.ക്ക് 70 വയസ്സായി. ഞാൻ അതിന്റെ വിശദാംശമൊന്നും ഇപ്പോൾ പറയുന്നില്ല. അവിടെ നടക്കുന്നത് എന്താണ്? പൊതുമേഖലാ സ്ഥാപനങ്ങളുടെ രംഗങ്ങളിൽ ഒട്ടനവധി പ്രശ്നങ്ങൾ നിലനിൽക്കുന്നതിനെതിരെ ശക്തമായ നടപടികൾ സ്വീകരിച്ചു. കിൻഫ്രയുടെ മാത്രമല്ല ഒരുപാട് കാര്യങ്ങൾ ഇത്തരത്തിലുള്ള സ്ഥാനങ്ങളിൽ കയറിയിരുന്ന് എം.ഡി.മാരായി ദുർഭരണം നടത്തി പൊതുമേഖലാസ്ഥാപനത്തെ ദുരുപയോഗപ്പെടുത്തുന്നതിനെതിരായി ശക്തമായ നിലപാട് സ്വീകരിക്കാനാണ് പുറപ്പെട്ടത്. പൊതുമേഖലാ സ്ഥാപനങ്ങൾ പ്രൊഫഷണലൈസ് ചെയ്യണം. പവർഫുൾ മാനേജ്മെന്റായിരിക്കണം. പലതും ദുർബലമാണ്. നിങ്ങൾ സ്വീകരിച്ചതുപോലുള്ള ഒരു നടപടിയല്ല ഞാൻ സ്വീകരിച്ചത്. അവിടെ നിയമനം നടത്തുന്നതിനുവേണ്ടി ആദ്യം ഇതേക്കുറിച്ച് പഠിച്ച്

അതിനനുസരിച്ച് ആവശ്യമായ പ്രൊഫഷണൽ മാനേജ്മെന്റ് ഉണ്ടാകാം, ആവശ്യമായ നടപടി സ്വീകരിക്കാം, നിയമനം നടത്താം, പറ്റാത്തവരെ ഒഴിവാക്കാം എന്നുപറഞ്ഞുള്ള നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിലാണ് എല്ലാ നിയമങ്ങളും ചട്ടങ്ങളും പാലിച്ചുകൊണ്ട് പൊതുമേഖലാ സ്ഥാപനങ്ങളിൽ നിയമനം നടത്തിയത്. 2011-ൽ  നിയമനം നടത്താൻ ലിസ്റ്റ് തയ്യാറാക്കി റിയാബിനെ ഏൽപ്പിച്ചില്ലേ? അവിടെ ഒരാളെയെങ്കിലും നിങ്ങൾ നിയമിച്ചോ? 2012-ൽ വീണ്ടും നിങ്ങൾ ലിസ്റ്റ് തയ്യാറാക്കി; ആരെയെങ്കിലും നിയമിച്ചോ? അവസാനം ഒന്നാം റാങ്കിലുള്ള ഒരാൾ കോടതിയിൽ പോയതിന്റെ അടിസ്ഥാനത്തിൽ അദ്ദേഹത്തെ നിയമിച്ചു. അല്ലാതെ വേറെയാരെയെങ്കിലും നിങ്ങൾ നിയമിച്ചോ? റിയാബിനെ ഏൽപ്പിക്കുകയും റിയാബ് കൃത്യമായി വെരിഫിക്കേഷൻ നടത്തി പാനൽ തയ്യാറാക്കിയതിന്റെ അടിസ്ഥാനത്തിൽ അതുവച്ച് അതിന്റെ പ്രധാനികളുമായി ഡിസ്കസ് ചെയ്ത് എല്ലാ കാര്യങ്ങളും സുതാര്യമായ നിലയിൽ കാര്യങ്ങൾ നടത്തി. നിങ്ങൾ ഇപ്പോൾ കുറേ ആക്ഷേപങ്ങൾ ഉന്നയിച്ചു. വ്യവസായ വകുപ്പിനുകീഴിലുള്ള പൊതുമേഖലാസ്ഥാപനങ്ങളുടെ എം.ഡി.മാരെ നിയമിക്കുന്നതിന് ഒരു അപ്പോയിന്റ്മെന്റ് മാനുവൽ നിലവിലില്ല. നിങ്ങൾ ഇപ്പോൾ എന്റെ ബന്ധുക്കളെക്കുറിച്ചൊക്കെ പറയുന്നുണ്ട്. ഞാൻ അതിന്റെ ലിസ്റ്റ് ഒന്നും ഇപ്പോൾ

എടുക്കുന്നില്ല. ഇനിയും ഇവിടെ ഭരണമുണ്ടല്ലോ? ഇന്നത്തെ നിയമങ്ങളും ചട്ടങ്ങളും വച്ചുകൊണ്ട് അതിനെ തെറ്റെന്ന് പറയാൻ സാധിക്കില്ല. അന്ന് അതിന് മാനദണ്ഡമില്ല, ക്വാളിഫിക്കേഷൻ പറയുന്നില്ല, ഗവൺമെന്റിന് ആരെവേണമെങ്കിലും നിശ്ചയിക്കാം. ഏത് നിയമത്തിന്റെയും ചട്ടത്തിന്റെയും അടിസ്ഥാനത്തിലാണ് നിങ്ങൾ പത്രക്കാരെയെല്ലാം ഉപയോഗിച്ചുകൊണ്ട് എന്നെ ആക്രമിച്ചത്? അതിൽ നിയമങ്ങളും ചട്ടങ്ങളുമില്ല. ആർട്ടിക്കിൾസ് ഓഫ് അസോസിയേഷനിലെ പ്രൊവിഷൻ പ്രകാരം വിജിലൻസ് അന്വേഷിച്ച്, വിജിലൻസ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ഞാൻ എല്ലാം നിയമനങ്ങളും നടത്തിയിട്ടുള്ളത്. എന്റെ രക്തത്തിനുവേണ്ടിയാണല്ലോ നിങ്ങൾ എന്നെ വേട്ടയാടുന്നത്? അത് വേണമെങ്കിൽ കുറച്ച് തരാം. പക്ഷേ ഈ രാജ്യത്തിനുവേണ്ടിയാണ് ഞാൻ പോരാടുന്നത്. അത് തുടരും. എനിക്ക് കുറച്ച് സമയം നൽകണം. അധികാരത്തിൽ വന്നതിനുശേഷം പൊതുമേഖലാസ്ഥാപനങ്ങളുടെ എം.ഡി.മാരെ നിയമിക്കുന്നതിനുവേണ്ടിയുള്ള നടപടികളിൽ ഞാൻ കിൻഫ്രയെ സംബന്ധിച്ച് പറയുകയുണ്ടായി.

മറ്റൊരു പൊതുമേഖലാസ്ഥാപനമാണ് സിഡ്കോ. എന്താണ് ആ സ്ഥാപനത്തിന്റെ സ്ഥിതി; എത്ര വിജിലൻസ് കേസ്സാണുള്ളത്? നിങ്ങൾ ആരെയാണ് അതിന്റെ എം.ഡി. ആയി നിയമിച്ചത്? ഞാൻ ഒന്നുരണ്ട് കാര്യങ്ങൾ

പറയാം. സിഡ്കോയെ സംബന്ധിച്ച് ഹൈക്കോടതിയിൽ കേസ് നിലനിൽക്കുന്നുണ്ട്. സിഡ്കോയിൽ ഏതാണ്ട് 5.7 കോടിയുടെ അഴിമതി സംബന്ധിച്ച് എസ്. ദിലീപ് എന്നുപറയുന്ന ഒരാൾ അവിടത്തെ എം.ഡി.ക്കെതിരായി 2011-ൽ വിജിലൻസിന് പരാതി കൊടുക്കുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ ഒരു നടപടിയും സ്വീകരിച്ചില്ല. അദ്ദേഹം ഹൈക്കോടതിയിൽ പരാതി കൊടുത്തു. അതിന്റെ അടിസ്ഥാനത്തിൽ ഹൈക്കോടതി അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ ഉത്തരവ് ഇറക്കി. അതിന്റെ അടിസ്ഥാനത്തിൽ വിജിലൻസ് ഡിവൈ.എസ്.പി.യെ അന്വേഷണം നടത്താൻ ചുമതലപ്പെടുത്തി. അദ്ദേഹം അന്വേഷണം നടത്തുകയും ഗുരുതരമായ തട്ടിപ്പും വെട്ടിപ്പും വഴിവിട്ട നടപടികളുമാണ് ഇവിടെ നടക്കുന്നതിനാൽ പ്രസ്തുത സ്ഥാപനത്തിന്റെ എം.ഡി.യായ സജി ബഷീറിനെ ആ സ്ഥാനത്തുനിന്ന് മാറ്റിനിർത്തണമെന്നുള്ള റിപ്പോർട്ടാണ് നൽകിയത്. എനിക്ക് തോന്നുന്നത് പ്രതിപക്ഷ നേതാവിനൊക്കെ പരിചയമുള്ള ആളാണ് സജി ബഷീർ. വിജിലൻസ് എസ്.പി.യും ഈ നിലപാടാണ് സ്വീകരിച്ചത്. വിജിലൻസ് ഡയറക്ടർ ആയ ശ്രീ. വിൻസൺ എം. പോൾ ആണ് അന്ന് ഈ അന്വേഷണം നടത്തിയത്. അദ്ദേഹവും ഇത് അംഗീകരിച്ചു. അതിനുശേഷം നിയമ വകുപ്പുസെക്രട്ടറിക്ക് ഫയൽ പോകുകയും

അദ്ദേഹത്തെ ഈ സ്ഥാനത്തുനിന്ന് മാറ്റിനിർത്തണമെന്ന് ആവശ്യപ്പെട്ടുകയും ചെയ്തു. അതിനുശേഷം അഡ്വക്കേറ്റ് ജനറൽ കൂടിയായ ശ്രീ. ദണ്ഡപാണിയും ഇത് അംഗീകരിച്ചു. ഫയൽ ആഭ്യന്തരവകുപ്പിന്റെ മുന്നിലെത്തിയപ്പോൾ അദ്ദേഹത്തെ മാറ്റേണ്ടതില്ല എന്ന് ആഭ്യന്തര വകുപ്പുമന്ത്രി എഴുതിവച്ചു. എന്താണ് ചെയ്തത്; ആരാണ് സജി ബഷീർ; എന്താണ് കേസ്; ഇപ്പോൾ എത്ര കേസ്സാണുള്ളതെന്ന് അറിയുമോ? കുവൈറ്റിലെ ഭരണാധികാരിയെ പറ്റിച്ച കേസ് ഇപ്പോൾ വന്നിരിക്കുകയാണ്. അവർ എന്നെ സമീപിച്ചിരുന്നു. ഇതൊരു അന്താരാഷ്ട്ര പ്രശ്നമായി ഉയർത്തുമെന്നാണ് അവർ പറയുന്നത്. ഉത്തർ പ്രദേശിൽ കോ-ഓപ്പറേറ്റീവ് കമ്പനി എന്നുപറഞ്ഞ് ഒരു കമ്പനിയുണ്ടാക്കി കുവൈറ്റിലെ ഷെയ്ക്കുമായി ഇടപാടുനടത്തി അഞ്ച് കോടിയിൽപ്പരം രൂപയുടെ ബാങ്ക് ഗ്യാരന്റി വാങ്ങി ഇല്ലാത്ത കമ്പനിയുടെ പേരിൽ ബാങ്ക് ഗ്യാരന്റി മാറിയെടുത്തു. സിഡ്കോയാണ് എഗ്രിമെന്റ് വച്ചത്. ഇപ്പോൾ കാര്യങ്ങളാകെ മാറിമറിഞ്ഞപ്പോൾ ഷെയ്ക്കിന്റെ അഭിഭാഷകൻ ഇവിടെ വന്ന് ഇതുസംബന്ധിച്ച് അവർക്ക് ചില നടപടികൾ സ്വീകരിക്കേണ്ടിവരുമെന്ന് പറഞ്ഞിരുന്നു. ഇത് വിജിലൻസിന് അയച്ചിരിക്കുകയാണ്. കെ.എസ്.ഐ.ഇ.യുടെ പേരിൽ മണലിറക്കാനായി കരാർ തരാം എന്നുപറഞ്ഞ് തൃശ്ശൂരിലുള്ള ഒരു

വ്യക്തിയിൽനിന്നും സജി ബഷീർ 75 ലക്ഷം രൂപ വാങ്ങി. ആ പരാതിയും വിജിലൻസിന് അയച്ചിരിക്കുകയാണ്. ബഹുമാന്യനായ വി. എസ്. അച്യുതാനന്ദൻ കടവന്ത്രയിലുള്ള സിഡ്കോയുടെ ഭൂമിയെക്കുറിച്ച് സബ്മിഷൻ ഉന്നയിച്ചിരുന്നു. അതിന് ഞാൻ അന്ന് മറുപടി പറഞ്ഞിരുന്നു. 100 കോടിയിലധികം രൂപ വിലവരുന്ന ഭൂമി തട്ടിയെടുത്ത സജി ബഷീറിനെയാണ് സംരക്ഷിച്ചുകൊണ്ടിരിക്കുന്നത്. ഇതുസംബന്ധിച്ച് വിജിലൻസ് അന്വേഷണത്തിനായി ഞങ്ങൾ കൊടുത്തിരിക്കുകയാണ്. ഇങ്ങനെയുള്ളവരാണ് എം.ഡി.മാർ. അവരെക്കുറിച്ച് അന്വേഷിച്ച് ഒഴിവാക്കേണ്ടവരെ ഒഴിവാക്കാൻവേണ്ടി തന്നെയാണ് റിയാബ്-നെ ചുമതലപ്പെടുത്തിയത്. ഇവിടെയുള്ള എക്സ്പർട്ടുകൾ ഇന്റർവ്യൂ നടത്തി തയ്യാറാക്കിയിട്ടുള്ള പാനലിന്റെ അടിസ്ഥാനത്തിലാണ് നിയമനം നടത്തിയത്. ഒരാളെയും നിയമവിരുദ്ധമായി നിയമിച്ചിട്ടില്ല. നിയമങ്ങളും ചട്ടങ്ങളും പാലിച്ചുകൊണ്ടുതന്നെയാണ് നിയമിച്ചിട്ടുള്ളത്. നിങ്ങൾ എന്ത് ബഹളമാണ് ഉണ്ടാക്കിയത്; ഞാൻ രാജി വച്ചത് എന്തുകൊണ്ടാണെന്ന് നിങ്ങൾ ചോദിക്കുന്നുണ്ടാവും. നിങ്ങൾ ചിന്തിക്കുന്നതുപോലെയല്ല ഞാൻ ചിന്തിക്കുന്നത്. എന്റെ രാഷ്ട്രീയവും മുന്നണിയും പാർട്ടിയും ഇതിനെല്ലാം ഉയർന്നുചിന്തിക്കുന്നു. ആ ഉയർന്ന ചിന്തയുടെ ഭാഗമായി

ഞാൻ ചിന്തിച്ചു, ഈ നാടിനെ തകർക്കാൻ ശ്രമിക്കുന്ന ശക്തികൾക്കുവേണ്ടി, കേരളത്തിന്റെ വ്യവസായത്തെ തകർക്കാൻ ശ്രമിക്കുന്നവർക്കുവേണ്ടി മാധ്യമങ്ങളെല്ലാം രംഗത്തിറങ്ങിയിരിക്കുകയാണ്. രണ്ടാഴ്ചക്കാലം ഇവിടത്തെ ദൃശ്യ മാധ്യമങ്ങളിൽ എന്തെങ്കിലുമൊരു വാർത്തയുണ്ടായിരുന്നോ, ഇന്ദിരാ ഗാന്ധി വെടിയേറ്റ് മരിച്ചപ്പോൾ ഉണ്ടായിരുന്നോ, പതിനാല് ദിവസമായി ഇവിടത്തെ പത്രങ്ങളിൽ എന്തെങ്കിലും ഉണ്ടായിരുന്നോ. നിങ്ങൾ ആലോചിച്ചുനോക്കണം, ചിന്തിക്കുന്നവർ ചിന്തിക്കട്ടെ. കേരളത്തിന്റെ ചരിത്രത്തിൽ ഇങ്ങനെയുണ്ടായിട്ടുണ്ടോ. എന്തിനാണ് ഇങ്ങനെ വേട്ടയാടിയത്? സത്യത്തിനും നീതിക്കും വേണ്ടിയാണോ; അഴിമതിക്കെതിരായിട്ടുള്ള നടപടിയാണോ; എന്തിനുവേണ്ടിയാണ് ഇങ്ങനെ ചെയ്തത്? ഈ മാധ്യമങ്ങൾക്കുപിന്നിൽ ആരാണ് പ്രവർത്തിച്ചത്? എല്ലാ മാധ്യമങ്ങളിലും ഒരേ വാർത്തയല്ലേ വന്നത്, അത് തയ്യാറാക്കിക്കൊടുക്കുകയല്ലേ ചെയ്തത്. നമ്മുടെ വ്യവസായത്തെ കൊള്ളയടിക്കുന്ന കേരളത്തിലും പുറത്തുമുള്ള വൻതോക്കുകൾ കേരളത്തിന്റെ സമ്പത്ത് തട്ടിയെടുക്കാൻ ശ്രമിച്ചപ്പോൾ അതിന് ഈ ഗവൺമെന്റ് കൂട്ടുനിൽക്കില്ലെന്നും എന്നെ സ്വാധീനിക്കാൻ കഴിയില്ലെന്നുമുള്ള സാഹചര്യമുണ്ടായപ്പോൾ രണ്ടും കൽപ്പിച്ച് പുറപ്പെട്ടു. എനിക്ക് ഭീഷണിയുണ്ടായിരുന്നു. ഞാനത്

പറഞ്ഞുനടക്കാറില്ല. അകത്തുനിന്നും പുറത്തുനിന്നും ഭീഷണിയുണ്ടായിരുന്നു. ........... രാജ്യത്തിനകത്ത്, വിദേശത്ത് .............. അത് ശ്രീ. വി. ഡി. സതീശനും ശ്രീ. പി. ടി. ........ നിങ്ങൾ രണ്ടാളും തന്നെ. ഇത്തരത്തിൽ എന്തെങ്കിലും ചെയ്താൽ രക്ഷയുണ്ടാകില്ലെന്ന് മുൻവ്യവസായ വകുപ്പുമന്ത്രിക്ക് അറിയാമായിരിക്കും എന്നാണ് എനിക്കുതോന്നുന്നത്. മുമ്പ് പലരും ഇങ്ങനെ ചെയ്യാൻ ശ്രമിച്ചിട്ടുണ്ട്. ഏതെല്ലാം തരത്തിലുള്ള ഭീഷണിപ്പെടുത്തലുകളാണുണ്ടായത്. ഇത്തരം ഭീഷണികൾക്കുമുന്നിൽ തല കുനിക്കില്ല. ഇനിയും തല കുനിക്കാൻ തയ്യാറാകില്ല. ഇവിടെ എനിക്കെതിരെ ഉന്നയിച്ച ആരോപണം, നിയമവും ചട്ടവും അനുസരിച്ച് യോഗ്യതയുള്ള ആളെയാണ് നിയമിച്ചത്. ഒരു ചെറുപ്പക്കാരന് ജോലിക്ക് അപേക്ഷ കൊടുക്കാൻ അവകാശമില്ലേ. നിങ്ങളുടെ സഹോദരന് ജോലിക്കായി അപേക്ഷ കൊടുക്കാൻ അവകാശമില്ലേ. കൊടുത്തിട്ടില്ലേ, വാങ്ങിയിട്ടില്ലേ. അപേക്ഷ കൊടുത്തതിന് നിങ്ങൾ എത്രമാത്രമാണ് ആക്ഷേപിച്ചത്. ............ അതെ ....... നിങ്ങളെക്കാളും മാന്യൻമാരാണ്. ഈ അപശബ്ദം പുറപ്പെടുവിക്കുന്നവരെക്കാളും മാന്യൻമാരാണ്. കെ.എസ്.ഐ.ഇ.യിൽ നിയമവിധേയമായി, വിജിലൻസ് ഡിപ്പാർട്ട്മെന്റിന്റെ അനുമതി കിട്ടുന്നതുവരെ പ്രത്യേക നിബന്ധനകൾക്ക് വിധേയമായി നിയമിച്ചു.

ആ നിയമനം ഒന്നാം തീയതി കൊടുത്തു. വിജിലൻസ് ഡിപ്പാർട്ട്മെന്റിന്റെ അനുമതിക്കായി നേരത്തെ അയച്ചതാണ്. വിജിലൻസ് റിപ്പോർട്ട് കാത്തിരിക്കുകയാണ്. കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽ, ടെക്സ്റ്റൈൽ രംഗം, ഹാന്റിക്രാഫ്റ്റ് എന്നിവിടങ്ങളിലെ നിയമനത്തിന് എംടെക് യോഗ്യത ആവശ്യമില്ല. കെ.എസ്.ഐ.ഇ. എന്നുപറയുന്നത് മൂന്ന് ഏജൻസികൾ കൊടുക്കുന്ന ചുമട്ടുകാരെക്കൊണ്ട് സാധനം എടുത്തുകൊണ്ടുവന്ന് പരിശോധിച്ച് ബിൽ എഴുതി കൊണ്ടുപോകുന്ന ചുമട്ടുപണി എടുപ്പിക്കുന്നതാണ്. ഇത് വലിയ സ്ഥാപനമൊന്നുമല്ല. ഇങ്ങനെയുള്ള കുറെ സ്ഥാപനങ്ങളുണ്ട്. കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മില്ലിൽ ഇപ്പോൾ ആളില്ല. ഈ പാനലിൽ തന്നെ ആളില്ല. ഉള്ള പാനൽ വച്ച് അർഹരായവരെയെല്ലാം നിശ്ചയിച്ചു. ഇരുപതോളം വരുന്ന എം.ഡി. മാരുടെ കഴിവുകൾ പരിശോധിച്ചപ്പോൾ അവർ ഈ ചുമതല നിർവഹിക്കാൻ പ്രാപ്തരല്ലാത്തതിനാൽ പകരം ആളുകളെ നിയമിച്ചു. അതെല്ലാം വിശദമായി പഠിച്ച് റിയാബ്-ന്റെതന്നെ നിർദ്ദേശങ്ങൾക്ക് വിധേയമായി പ്രവർത്തിച്ചു. അതിന്റെ അടിസ്ഥാനത്തിലാണ് നിയമനം നടത്തിയത്. ഒന്നാം തീയതി നിയമനം നൽകിയെങ്കിലും അദ്ദേഹം മറ്റൊരു കമ്പനിയിൽ ജോലി ചെയ്യുന്നതിനാൽ ജോലിയിൽ പ്രവേശിക്കുന്നതിന് സമയം നീട്ടിനൽകണമെന്ന്

പറഞ്ഞു. സമയം നീട്ടി നൽകാൻ കഴിയില്ല. ഈ സ്ഥാപനങ്ങളിൽ ഭരണസ്തംഭനം ഉണ്ടാകരുത് എന്നുള്ളതുകൊണ്ടാണ് ഇങ്ങനെയൊരു നിലപാട് സ്വീകരിക്കുന്നത്. ഇതൊന്നും ഐ.എ.എസ്.കാരെ ഏൽപ്പിക്കാൻ കഴിയുന്ന പോസ്റ്റുകളല്ല. സമയം നീട്ടിത്തരാൻ കഴിയില്ല എന്നുപറഞ്ഞ് അപ്പോൾത്തന്നെ അത് റദ്ദ് ചെയ്തു. ഇതാണ് നിങ്ങൾ ആക്രമിക്കാൻ ഉപയോഗിച്ചത്. ഏതെങ്കിലും നിയമത്തിന്റെയും ചട്ടങ്ങളുടെയും കീഴ്വഴക്കങ്ങളുടെയും ലംഘനമുണ്ടായിട്ടുണ്ടോ? നിങ്ങൾ നിയമിച്ചവരെ എങ്ങനെയാണ് നിയമിച്ചത്? നിയമിക്കാൻ നിങ്ങൾക്ക് അധികാരമുണ്ട്. അതുകൊണ്ടാണ് നിങ്ങളുടെ ബന്ധുക്കളെക്കുറിച്ച് ഞാൻ പറയാത്തത്. രണ്ടാമത് നിങ്ങൾ ഉന്നയിച്ച ആരോപണം, കണ്ണൂരിലുള്ള ക്ലേ ആന്റ് സെറാമിക്സുമായി ബന്ധപ്പെട്ടതാണ്. ക്ലേ ആന്റ് സെറാമിക്സിലെ നിയമനവുമായി ഗവൺമെന്റിന് ബന്ധമില്ല. ക്ലേ ആന്റ് സെറാമിക്സ് ഒന്നര വർഷമായി പൂട്ടിയിരിക്കുകയാണ്. ആ കമ്പനി മറ്റൊരു കമ്പനിയായി മാറ്റി അവിടത്തെ എല്ലാ തൊഴിലാളികൾക്കും ജോലി കൊടുക്കാൻ ആവശ്യമായ പുതിയൊരു സംവിധാനം ഏർപ്പെടുത്തുകയാണ് ചെയ്തത്. ആയിരം പശുക്കളുടെ ഡയറി ഫാമുണ്ടാക്കി അതുമായി ബന്ധപ്പെട്ട് വലിയ പ്രോജക്ട് തയ്യാറാക്കി അതിനെ സംരക്ഷിക്കാൻ കമ്പനി രൂപീകരിച്ച് പ്രവർത്തിച്ചുവരികയാണ്. ഇപ്പോഴുള്ള ക്ലേ ആന്റ് സെറാമിക്സ്

മൂന്ന് മാസമേ ഉണ്ടാവുകയുള്ളൂ. ഇന്ന് നിലവിലുള്ള ആസ്തിയും കാര്യങ്ങളും മനസ്സിലാക്കിയാണ് ക്ലേ ആന്റ് സെറാമിക്സ് പ്രവർത്തിക്കേണ്ടത്. അതിന്റെ മാനേജർ മൂന്ന് മാസത്തേക്ക് ലീവിൽ പോയി. അവിടെയുണ്ടായിരുന്ന ജീവനക്കാരെ നിയമിക്കുന്ന എല്ലാ മാനദണ്ഡങ്ങളും തന്നെയാണ് ഇപ്പോഴും പാലിച്ചത്. ലോക്കലായി അപേക്ഷ ക്ഷണിച്ച് അതിന്റെ അടിസ്ഥാനത്തിൽ അവർ തന്നെ ഇന്റർവ്യൂ നടത്തി മൂന്ന് മാസത്തേയ്ക്ക് ആ കമ്പനിയിൽ മാനേജരെ നിയമിച്ചു. ............ഞാൻ നിങ്ങളുടെ കാര്യങ്ങളൊക്കെ പറയാം. ഇനിയും ദിവസങ്ങളുണ്ടല്ലോ. എല്ലാവരുടെ കാര്യവും പറഞ്ഞുതരാം.

മി. സ്പീക്കർ: അങ്ങ് പറഞ്ഞ് അവസാനിപ്പിക്കണം.

ശ്രീ. ഇ. പി. ജയരാജൻ: സർ, ഞാൻ പറഞ്ഞുവരുന്നത്, മൂന്ന് മാസത്തേയ്ക്ക് കോൺട്രാക്ട് ബേസിസിൽ, കമ്പനി പൂട്ടാനുള്ള കാര്യങ്ങൾ തയ്യാറാക്കാൻ വേണ്ടി താൽക്കാലികമായി നിയമിച്ചതിനെക്കുറിച്ചാണ്. ഞാൻ നിയമിച്ചുവെന്നുപറഞ്ഞല്ലേ നിങ്ങൾ ബഹളം ഉണ്ടാക്കുന്നത്? ഞാൻ എങ്ങനെയാണ് നിയമിക്കുന്നത്; എന്റെ മുമ്പിൽ വരേണ്ട കാര്യമില്ല. ഈ ഗവൺമെന്റിനെ കളങ്കപ്പെടുത്തുകയെന്നുള്ളതാണ് ഇതിന്റെയൊക്കെ ലക്ഷ്യം. സ്വാശ്രയ പ്രശ്നത്തിന്റെ പേരിൽ പ്രതിപക്ഷം തലകുത്തിവീണു. തലയുയർത്തി

നടക്കാൻ നാണക്കേടായ നിങ്ങൾ കണ്ടുപിടിച്ച മാർഗ്ഗമാണ് ഈ ഗവൺമെന്റിനെ ആക്രമിക്കുകയെന്നുള്ളത്. അതിനായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെയും ആക്രമിക്കണം. വ്യവസായ വകുപ്പുമന്ത്രി വ്യവസായ വകുപ്പിൽ നിന്നും മാറണമെന്നുള്ളതായിരുന്നു നിങ്ങളുടെ പ്രധാനപ്പെട്ട ഡിമാന്റ്; അതുതന്നെയായിരുന്നു മാഫിയ സംഘത്തിന്റെ ആവശ്യവും. അതിനുവേണ്ടിയാണ് നിങ്ങൾ പ്രവർത്തിച്ചതും മുഖ്യമന്ത്രിയെ ആക്ഷേപിച്ചതും. കേരളത്തിന്റെ ഭരണരംഗത്ത് സംശുദ്ധമായ ഭരണം നടപ്പിലാക്കാൻ അങ്ങേയറ്റം പോരാടിക്കൊണ്ടിരിക്കുന്ന മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ നടന്നുപോയ വഴിയേ നിങ്ങൾക്ക് നടക്കാൻ കഴിയില്ല, അതിന് നിങ്ങൾ ഇനിയും ജനിക്കണം. അത്തരത്തിലുള്ള മുഖ്യമന്ത്രിയെ കളങ്കപ്പെടുത്താനും ചെളിവാരി എറിയാനും നിങ്ങൾ ഉപയോഗിക്കുന്ന വഴിയാണിത്. ചരിത്രം നിങ്ങൾക്ക് മാപ്പുതരില്ല; നിങ്ങൾ എന്നും കുറ്റക്കാരായിരിക്കും. നിങ്ങൾ നടത്തിയിട്ടുള്ള ഈ വ്യായാമം കേരളത്തിന്റെ പൊതുസമ്പത്ത് കൊള്ളയടിക്കുന്ന മാഫിയാ സംഘത്തിനുവേണ്ടിയാണ്. മാധ്യമങ്ങൾക്ക് പണംകൊടുത്താണ് നിങ്ങൾ ഇത്തരം പ്രചാരവേല സംഘടിപ്പിച്ചത്. ഇത്തരത്തിൽ തെറ്റായ നടപടി സ്വീകരിച്ച് കീഴ്പ്പെടുത്താമെന്ന് നിങ്ങൾ

കരുതണ്ട.

മി. സ്പീക്കർ: പ്ലീസ് കൺക്ലൂഡ്.....

ശ്രീ. പി.ടി. തോമസ്: സർ, .......................

ശ്രീ. ഇ. പി. ജയരാജൻ: ശ്രീ. പി. റ്റി. തോമസ്, നിങ്ങൾക്ക് അസഹിഷ്ണുതയുണ്ടാകും. നിങ്ങളുടെ ചരിത്രം വേണമെങ്കിൽ ഞാൻ പറയാം. ഇപ്പോൾ അതിലേയ്ക്ക് കടക്കുന്നില്ല. ഇനിയും നമ്മൾ ഈ വേദിയിൽത്തന്നെ ഉണ്ടല്ലോ. തത്വാധിഷ്ഠിതമായ നിലപാടും ഉന്നതമായ മൂല്യവും ഉയർത്തിപ്പിടിക്കുന്നതിന്റെ ഭാഗമായി, മാധ്യമങ്ങൾകൂടി ആക്രമിക്കുന്ന ഇന്നത്തെ നിലയിൽ സംശുദ്ധമായ ഭരണത്തെ കളങ്കപ്പെടുത്താനുള്ള നീക്കമായതിനാൽ ഞാൻ സ്വമേധയാ മുഖ്യമന്ത്രിയോട് രാജി വയ്ക്കാൻ അനുവദിക്കണമെന്നപേക്ഷിച്ചു. അദ്ദേഹം സമ്മതം നൽകുകയും ഞാൻ രാജി കൊടുക്കുകയും ചെയ്തു. ഞാൻ നീതിക്കുവേണ്ടിയും വ്യവസായത്തെ സംരക്ഷിക്കാനുമാണ് പോരാടിയിട്ടുള്ളത്. വ്യവസായത്തെ തകർത്തുകൊണ്ടിരിക്കുന്ന മാഫിയകൾക്കെതിരെ ഞാൻ ഇനിയും പോരാടുകയും പ്രവർത്തിക്കുകയും ചെയ്യും. ബാഹ്യശക്തികളാണ് എം.ഡി.-മാരെ നിയമിച്ചിരുന്നതും വ്യവസായത്തെ നയിച്ചിരുന്നതും. അവർക്ക്

എൻട്രിയില്ലാത്ത സാഹചര്യം ഞാൻ സൃഷ്ടിച്ചിട്ടുണ്ട്. കേരളത്തിന്റെ താൽപ്പര്യം ഉയർത്തിപ്പിടിച്ചുവെന്ന അന്തസ്സോടെ, അഭിമാനത്തോടെ ഞാൻ മന്ത്രിസ്ഥാനം വിടാൻ ഇടയായിട്ടുണ്ടെന്ന് അങ്ങയേയും സഭയേയും അറിയിക്കാൻ ആഗ്രഹിക്കുന്നുവെന്ന് പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

<u>ശ്രീ. പി. ടി. തോമസ്</u>: സർ,...........(ബഹളം).............

<u>മി. സ്പീക്കർ</u>: എന്താണ് അങ്ങ് ഉദ്ദേശിക്കുന്നത്, പോയിന്റ് ഓഫ് ഓർഡറാണോ?

<u>ശ്രീ. പി. ടി. തോമസ്</u>: സർ, എന്റെ മകനുണ്ടായ ആക്സിഡന്റുകാരണം കഴിഞ്ഞ ഒരുമാസമായി നിയമസഭയിൽപ്പോലും വരാൻ കഴിയാതെ ഞാൻ ബാംഗ്ലൂരിലെ ഒരാശുപത്രിയിലായിരുന്നു. എന്തുകൊണ്ടാണ് ശ്രീ. ഇ. പി. ജയരാജൻ അദ്ദേഹത്തിന്റെ രാജിയുമായി ബന്ധപ്പെട്ട് എന്റെ പേര് വലിച്ചിഴച്ചതെന്ന് എനിക്ക് മനസ്സിലാകുന്നില്ല.

<u>മി. സ്പീക്കർ</u>: പ്ലീസ്....ഇരിക്കൂ.

<u>ശ്രീ. പി. ടി. തോമസ്</u>: സർ, ഞാൻ കേരളത്തിൽപ്പോലും ഉണ്ടായിരുന്നില്ല. ...........(ബഹളം).............

<u>ശ്രീ. ഇ. പി. ജയരാജൻ</u>: സർ, അങ്ങ് അവിടെയിരുന്ന് എന്നെ

പരിഹസിക്കുകയായിരുന്നു.

ശ്രീ. പി. ടി. തോമസ്:സർ,....

മി. സ്പീക്കർ: വളരെ ദൗർഭാഗ്യകരമാണ്. പ്ലീസ്....അങ്ങ് ഇരിക്കു, അങ്ങ് പരിഹസിച്ചതുകൊണ്ട് പറഞ്ഞതാണെന്ന് പറഞ്ഞല്ലോ.

ശ്രീ. പി. ടി. തോമസ്: സർ, എന്റെ പേര് പരാമർശിച്ചതുകൊണ്ട് എനിക്ക് വ്യക്തിപരമായ എക്സ്പ്ലനേഷൻ നടത്തണം.